ഖുത്ബ
01.04.2005
ബയ്ത്തുൽ ഫുതൂഹ്
ലണ്ടൻ

بسم الله الرحمن الرحيم

# നബി (സ)യുടെ കൃതജ്ഞത പ്രകടിപ്പിക്കൽ.

നബി(സ) തിരുമേനിയിൽ മാനുഷികമായ ചിന്തകൾക്ക് പ്രാപ്യമാകുന്ന മഹത്തായ എല്ലാ ധാർമികഗുണങ്ങളും പ്രവാചകന്മാരിൽ കാണുന്ന സകല സവിശേഷ ഗുണങ്ങളും സമ്മേളിച്ചിരുന്നു. അവയിലൊരു ധാർമികഗുണമാണ് കൃതജ്ഞതാ പ്രകടനം അഥവാ നന്ദി രേഖപ്പെടുത്തൽ. വിശുദ്ധഖുർആനിൽ അല്ലാഹു ഹസ്റത്ത് ഇബ്റാഹീം (അ)മിനെക്കുറിച്ച് പറഞ്ഞു: **ശാക്കിറൻ ലി അൻഉമിഹി** അദ്ദേഹം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുന്ന ആളായിരുന്നു. (16:122) ഹസ്റത്ത് നൂഹ് നബി (അ)യെക്കുറിച്ച് പറഞ്ഞു. **ഇന്നഹു കാന അബ്ദൻ ശക്കൂറാ** അദ്ദേഹം വളരെ കൃതജ്ഞതയുള്ള ഒരു ദാസനായിരുന്നു. (17:4) അല്ലാഹുവിൽനിന്നുള്ള ഈ ഔദാര്യം ഈ രണ്ടു പ്രവാചകന്മാർക്ക് മാത്രമെ ലഭിച്ചിരുന്നുള്ളുവെന്നോ മറ്റാർക്കും അതിനോട് കിടപിടിക്കാൻ സാധിക്കുകയില്ലെന്നോ അല്ല ഇതിന്റെ അർത്ഥം. നബി(സ)യിൽ എല്ലാ നബിമാരുടെയും ഉൽകൃഷ്ട ഗുണങ്ങൾ സമ്മേളിപ്പിച്ചിരിക്കുന്നുവെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നല്ല അവിടന്ന് നബിമാരിൽ ശ്രേഷ്ഠനാണ്. ആ എല്ലാ സവിശേഷഗുണങ്ങളും ഉൽകൃഷ്ട സ്വഭാവങ്ങളും കാണണമെങ്കിൽ നബി(സ)യിൽ നോക്കിക്കൊള്ളുക. നബി(സ)യെക്കുറിച്ച് പറഞ്ഞു: **വലാക്കിർറസൂലല്ലാഹി വ ഖാത്തമന്നബിയ്യീൻ** അവിടത്തെ സ്ഥാനം അല്ലാഹുവിനോട് ഏറ്റവും അടുത്തതാണ്.(33:41) മുമ്പേ വന്ന പ്രവാചകന്മാരിൽ ഉണ്ടായിരുന്നതും ഇനി വരുന്നവരിൽ ഉണ്ടാകാവുന്നതുമായ എല്ലാ സവിശേഷ ഗുണങ്ങളുടെയും ഉൽകൃഷ്ടസ്വഭാവങ്ങളുടെയും ഉന്നതമായ നില നബിതിരുമേനിയിൽ സമ്പൂർത്തിയായി. അവരുടെമേലെല്ലാം നബി(സ) തന്റെ മാതൃകയിലൂടെ മുദ്ര പതിപ്പിച്ചു. ഈ മാതൃകയാണ് അവസാനകാലം വരെ നിലനില്ക്കുന്നത്. ഇത് അല്ലാഹു നബിതിരുമേനിക്ക് നല്കിയ ഏറ്റവും വലിയ അംഗീകാരമാണ്.

ഞാനാദ്യമെ പറഞ്ഞതുപോലെ കൃതജ്ഞതാ പ്രകടനമെന്ന ഈ ധാർമിക ഗുണത്തെ സംബന്ധിച്ച് ഞാനിന്ന് പറയുന്നതാണ്. ഇതിൽ അല്ലാഹുവിന്റെ നിഅ്മത്തുകൾക്ക് നന്ദി പ്രകടിപ്പിക്കുന്നതിനും മനുഷ്യരോട് നന്ദി കാണിക്കുന്നതിനും എന്തെന്തെല്ലാം രീതികളാണ് അവിടന്ന് സ്വീകരിച്ചിരുന്നത് എന്നതിലേക്ക് വെളിച്ചം വീശുന്നതാണ്. എങ്ങനെ അല്ലാഹുവിന് ശുക്റ് ചെയ്യണമെന്ന അന്വേഷണത്തിലായിരുന്നു നബി(സ) എപ്പോഴും. കൃതജ്ഞതാ വികാരത്തോടെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ദുആ ചെയ്യാതെ ഒരവസരവും അവിടന്ന് പാഴാക്കി കളഞ്ഞില്ല. എല്ലാവരെക്കാളുമധികം അല്ലാഹുവിന് ശുക്റ് ചെയ്തുകൊണ്ട് **അബ്ദെ ശുക്കൂർ** ആയിത്തീരാൻ അവിടന്ന് സദാ പരിശ്രമിച്ചുകൊണ്ടിരുന്നു. ഇതിനു വേണ്ടി എപ്പോഴും ദുആ ചെയ്യാറുണ്ടായിരുന്നു.

നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: നബിതിരുമേനി ഇങ്ങനെ ദുആ ചെയ്യാറുണ്ടായിരുന്നു. **അല്ലാഹുമ്മജ്അൽനി ലക്കശാക്കിറൻ ലക്കദാക്കിറൻ** അല്ലാഹുവേ! നീ എന്നെ നിന്നോട് നന്ദി കാണിക്കുന്നവനും നിന്നെ അധികമധികമായി സ്മരിക്കുന്നവനുമാക്കേണമേ.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഈ ദുആയോടൊപ്പം ഇനി പറയുന്ന വാക്കുകൾ അതിലധികമായി വന്നിട്ടുണ്ട്. നബി തന്റെ റബ്ബിന്റെ മുമ്പിൽ യാചിക്കുന്നു: അല്ലാഹുവേ! നീ എന്നെ എല്ലാവരിലുംവെച്ച് ഏറ്റവും കൂടുതൽ നിന്നെ സ്മരിക്കുന്നവനാക്കിത്തീർക്കേണമേ. നിന്റെ ഉപദേശങ്ങളെ പിൻപറ്റുന്നവനാക്കേണമേ. നിന്റെ ഉപദേശങ്ങളെ ഓർത്തിരിക്കുന്നവനുമാക്കേണമേ.

ഇനി ഞാൻ പറയാൻ പോകുന്ന ഉദാഹരണങ്ങളിൽനിന്ന് എങ്ങനെയായിരുന്നു നബിതിരുമേനി നന്ദി കാണിച്ചിരുന്നതെന്ന് മനസ്സിലാകുന്നതാണ്. അവിടന്ന് നന്ദിയുടെ വികാരം പ്രകടിപ്പിക്കുന്നതിനുള്ള അവസരം പാർത്തിരിക്കുമായിരുന്നു. പക്ഷെ, എന്നിട്ടും നന്ദിയുള്ള ദാസനായിരിക്കുക എന്ന ഒരേയൊരു ചിന്തയായിരുന്നു നബിതിരുമേനിയ്ക്കുണ്ടായിരുന്നത്. നന്ദിയുള്ള ദാസനായിരിക്കാൻ അവിടന്ന് എപ്പോഴും ദുആ ചെയ്യുമായിരുന്നു. ഓരോ കാര്യവും അത് ചെറുതിൽ ചെറുതാണെങ്കിലും വേണ്ടില്ല വലുതാണെങ്കിലും വേണ്ടില്ല തനിയ്ക്ക് പ്രയോജനം ചെയ്തിട്ടുള്ളതാണെങ്കിൽ തീർച്ചയായും അല്ലാഹുവിനോട് അവിടന്ന് നന്ദി കാണിച്ചിരുന്നു. അല്ലാഹുവിന്റെ നിഅ്മത്തുകൾക്ക് നന്ദി കാണിക്കാതിരിക്കുന്ന പ്രശ്നം തന്നെ ഉദിച്ചിരുന്നില്ല. നിവേദനങ്ങളിൽ വന്നിരിക്കുന്നു. നബി(സ) പുതുമഴ പെയ്യുമ്പോൾ അല്ലാഹുവിന് ശുക്റ് ചെയ്യാറുണ്ടായിരുന്നു. ഹസ്റത്ത് അനസ് ബിൻ മാലിക്ക് (റ) ഇതു സംബന്ധമായി പറയുന്നു. ഒരിക്കൽ ഞങ്ങൾ നബിയോടൊപ്പം ഉണ്ടായിരുന്നു. മഴ പെയ്യാൻ തുടങ്ങി. നബിതിരുമേനി തന്റെ തലയിൽനിന്ന് തുണിനീക്കി. നഗ്നമായ തലയിൽ മഴ കൊള്ളിച്ചു. ചോദിച്ചപ്പോൾ പറഞ്ഞു. ഇത് എന്റെ രക്ഷിതാവിൽനിന്ന് പുതുതായി വന്നതാണ്. പുതു

മഴ പെയ്യുമ്പോൾ, അതിന്റെ തുള്ളികൾ നാവിലെടു ക്കുമായിരുന്നുവെന്ന് മറ്റൊരു നിവേദനത്തിൽ വന്നി ട്ടുണ്ട്. അല്ലാഹുവിന്റെ നിഅ്മത്താണിതെന്നും അതിന് നന്ദി പ്രകടിപ്പിക്കുന്നത് ഇങ്ങനെയാണെന്നും പറയുമായിരുന്നു. അതായത് അതിനെ രുചിക്കുക.

ഇതു കൂടാതെ ഒരുപാട് കാര്യങ്ങളുണ്ട്. ഉദാ ഹരണത്തിന് ഭക്ഷണം കഴിച്ചതിന് ശേഷം അല്ലാഹു വിന് ശുക്റ് ചെയ്തിരുന്നത് എങ്ങനെ? അബൂസ ഈദ് ഖുദ്രി (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. എന്തെങ്കിലും തിന്നുകയോ കുടിക്കുകയോ ചെയ്താൽ നബി(സ) ഇങ്ങനെ ശുക്റ് ചെയ്യുമായി രുന്നു. **അൽഹംദു ലില്ലാഹില്ലദീ അത്അമനാ വ സഖാനാ വജഅലനാ മിനൽ മുസ്ലിമീൻ**. നമ്മെ ഭക്ഷിപ്പിക്കുകയും കുടിപ്പിക്കുകയും മുസ്ലിമാക്കു കയും ചെയ്ത അല്ലാഹുവിനാകുന്നു സകല സ്തുതിയും. വളരെ ഉന്നതനിലയിലുള്ള ഭക്ഷണമാ യിരുന്നു നബിതിരുമേനി കഴിച്ചിരുന്നത് എന്നല്ല. മറിച്ച് അങ്ങേയറ്റം സാധാരണ നിലയിലുള്ള ഭക്ഷണമായി രുന്നു അവിടന്ന് കഴിച്ചിരുന്നത്. വളരെ നന്ദിയോടെ അത് ഭക്ഷിച്ചു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബ്ദുല്ലാഹ് ബിൻ സലാം(റ) പറയുന്നു: ഞാൻ നബിതിരുമേനിയെ കണ്ടു. അവിടന്ന് റൊട്ടി യുടെ കഷണത്തിനുമേൽ കാരക്ക വെച്ചിരുന്നു. ഈ റൊട്ടിയുടെ കറിയാണ് ഈ കാരക്കയെന്ന് അവി ടന്ന് പറഞ്ഞു. മിക്കപ്പോഴും റൊട്ടി തിന്നിരുന്നത് സുറു ക്കയോ വെള്ളമോ കൂട്ടിയായിരുന്നു. അതിനും അല്ലാഹുവിനെ അതിരറ്റ് ശുക്റ് ചെയ്യുമായിരുന്നു.

പുതിയ വസ്ത്രം അണിയുമ്പോഴും അല്ലാ ഹുവിന് ശുക്ർ ചെയ്യുമായിരുന്നു. അതിന്റെ അനർത്ഥങ്ങളിൽ നിന്ന് രക്ഷപ്പെടാൻ ദുആ ചെയ്യു മായിരുന്നു. ഇതു സംബന്ധമായി ഹസ്റത്ത് അബൂ സഈദ് ഖുദ്രി(റ) പറയുന്നു: നബി(സ) പുതു വസ്ത്രം ധരിക്കുമ്പോൾ തലപ്പാവ്, ഷർട്ട്, രണ്ടാം മുണ്ട് എന്നിങ്ങനെ പേരു പറഞ്ഞുകൊണ്ട് പ്രാർത്ഥി ക്കാറുണ്ട്. **അല്ലാഹുമ്മ ലക്കൽഹംദു അൻത കസ വ്ത്തനീഹി അസ്അലുക്ക ഖയ്റഹു വ ഖയ്റ മാ സ്വുനിഅ ലഹു വ അഊദുബിക്ക മിൻ ശർറഹീ വ ശർറി മാ സ്വുനിഅ ലഹു.**

അല്ലാഹുവേ, നിനക്കാണ് സർവസ്തുതിയും. നീയാണ് അതെന്നെ ധരിപ്പിച്ചത്. അതുകൊണ്ടുള്ള മേന്മയും അതെന്തിനുവേണ്ടി നിർമ്മിക്കപ്പെട്ടുവോ അതിന്റെ മേന്മയും ഞാൻ നിന്നോടു ചോദിക്കുന്നു. അതുകൊണ്ടുള്ള അനർത്ഥത്തിൽനിന്നും അതെന്തി നുവേണ്ടി നിർമ്മിക്കപ്പെട്ടുവോ അതിന്റെ അർത്ഥത്തിൽ നിന്നും ഞാൻ നിന്നോടു രക്ഷ തേടു ന്നു.

ഇതിന് ഒരുപാട് വശങ്ങളുണ്ട്. ചിലപ്പോൾ ചില വസ്ത്രങ്ങളിൽ ഉപയോഗിക്കുന്ന ചില വസ്തു ക്കൾ കാരണത്താൽ ചിലർക്ക് അലർജി ഉണ്ടാകാ റുണ്ട്. അങ്ങനെ അത് ഉപദ്രവമായി മാറുന്നു. ചില യാളുകൾ വിലപിടിപ്പുള്ള സൂട്ടും തയിപ്പിക്കുന്നു. നബി(സ)യ്ക്ക് ഇതൊന്നും ബാധകമല്ല. എന്നാൽ, തന്റെ ഉമ്മത്തിന് പാഠം നല്കുന്നതിനുവേണ്ടി, അതിന്റെ ഉപദ്രവത്തിൽനിന്നും രക്ഷിക്കേണമേ എന്ന് ദുആ ചെയ്തു. വസ്ത്രങ്ങളിൽ നിന്ന് ഒരു തരത്തി ലുള്ള ഉപദ്രവവും ഉണ്ടാകാതിരിക്കാൻവേണ്ടി.

ഉറങ്ങുമ്പോഴും ഉണരുമ്പോഴും അല്ലാഹു വിനെ സ്തുതിച്ചുകൊണ്ട് ഇങ്ങനെ ദുആ ചെയ്യുമാ യിരുന്നു. നിവേദനങ്ങളിൽ അതിങ്ങനെ വന്നിരിക്കു ന്നു. ഹസ്റത്ത് ഹുദയ്ഫാ(റ) നിവേദനം ചെയ്യുന്നു. നബി(സ) ഉറക്കറയിൽ ചെന്നാൽ വലതുകൈ വലത്തെ കവിളിന്റെ താഴ്ഭാഗത്തുവെച്ചുകൊണ്ട് ഇങ്ങനെ ദുആ ചെയ്യുമായിരുന്നു.

**അല്ലാഹുമ്മ ബിസ്മിക്ക അമൂത്തു വ അഹ്യാ**. അല്ലാഹുവേ! ഞാൻ മരിക്കുന്നതും ജീവി ക്കുന്നതും നിന്റെ പേരിലാണ്. ഉണർന്നുകഴിഞ്ഞാൽ ഇങ്ങനെ ദുആ ചെയ്യുമായിരുന്നു.

**അൽഹംദുലില്ലാഹില്ലദീ അഹയാനാ ബഅ്ദമാ അമാത്തനാ വ ഇലയ്ഹിന്നുശൂർ** നമ്മെ ഉറക്കിയതിനുശേഷം ഉണർത്തിയ അല്ലാഹുവിന്നാണ് സർവസ്തുതിയും. അവനിലേക്കാണ് നാം മടങ്ങി പ്പോകേണ്ടത്.

അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കണ്ടിട്ട് അതിന് ശുക്ർ ചെയ്യാതിരുന്ന ഒരു നിമിഷവും അവി ടത്തെ ജീവിതത്തിൽ ഉണ്ടായിട്ടില്ല. പ്രാഥമിക ആവ ശ്യങ്ങൾക്കുവേണ്ടി പോയി തിരിച്ചുവരു മ്പോൾപോലും ശുക്റിന്റെ വികാരമായിരുന്നു ഉണ്ടാ യിരുന്നത്. നിവേദനത്തിൽ അതിങ്ങനെ വന്നിരിക്കു ന്നു. തണ്ടാസിൽനിന്ന് പുറത്തുവരുമ്പോൾ അവിട ന്നിങ്ങനെ പ്രാർത്ഥിക്കുമായിരുന്നു.

**അൽഹംദുലില്ലാഹില്ലദീ അദ്ഹബ അന്നിൽ അദാ വ ആഫാനീ.** ദോഷകരമായ വസ്തു എന്നിൽ നിന്നകറ്റുകയും എനിക്ക് ആരോഗ്യം നല്കുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവസ്തുതിയും.

വയറ്റിലുണ്ടാകുന്ന ക്രമക്കേടുകൾ കൊണ്ടാണ് ഒരുപാട് രോഗങ്ങൾ ഉണ്ടാകുന്നതെന്ന കാര്യം ഡോക്ടർമാർ അംഗീകരിച്ചിട്ടുള്ള വസ്തു തയാണ്. മലബന്ധമുണ്ടാകുമ്പോൾ ബുദ്ധിമുട്ടുകൾ കൂടുകയും ചെയ്യുന്നു. ഓരോ അവയവവും ശരി യായ നിലയിൽ പ്രവർത്തിക്കുക എന്നത് അല്ലാഹു വിന്റെ പ്രത്യേകമായ അനുഗ്രഹമാണ്. അതുകൊണ്ട് അതിനും ശുക്ർ ചെയ്യേണ്ടതാണ്.

അല്ലാഹുവിനെ ആരാധിക്കുന്നതിന്റെ ഉന്ന തമായ നില സ്ഥാപിച്ചതും അവനോട് നന്ദിയുള്ള ദാസനായിത്തീരുന്നതിനുവേണ്ടിയാണ്. ഇതു സംബ ന്ധമായി ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു. തന്റെ ഇരുപാദങ്ങളും നീരുവന്ന് വിങ്ങുന്നതുവരെ നബി(സ) രാത്രി നിന്ന് നമസ്കരിച്ചിരുന്നു. അല്ലാഹുവിന്റെ പ്രവാചകരേ! അങ്ങയുടെ മുമ്പും പിമ്പുമുള്ള തെറ്റു

കുറ്റങ്ങൾ മാപ്പു ചെയ്തിരിക്കെ അങ്ങെന്തിന് ഈ വിധം ചെയ്യണമെന്ന് ഞാൻ ചോദിച്ചു. അപ്പോൾ അവിടന്ന് പറഞ്ഞു: ഞാൻ അല്ലാഹുവിനോട് നന്ദിയുള്ളവനാകാൻ എനിക്കെന്തുകൊണ്ട് ആഗ്രഹിച്ചുകൂടാ? എന്നിൽ എത്രമാത്രം ഔദാര്യമാണ് അവൻ ചെയ്തിട്ടുള്ളത്. അതിനുള്ള നന്ദി കാണിക്കാൻ ഞാൻ എഴുന്നേറ്റുനില്ക്കണ്ടേ?

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ആരാധനയുമായി ബന്ധപ്പെട്ടുതന്നെ വന്നിട്ടുള്ള സംഭവമാണിത്. അത്വാഅ് (റ) നിവേദനം ചെയ്യുന്നു. ഞാനും, ഇബ്നു ഉമറും ഉബയ്ദുല്ലാഹ് ബിൻ ഉമറും ഹസ്റത്ത് ആയിശ(റ)യുടെ അടുക്കൽ പോയി. നബി(സ)യിൽ അങ്ങ് കണ്ട ഏതെങ്കിലും അത്ഭുതകരമായൊരു കാര്യം ഞങ്ങളോടു പറയുക എന്നപേക്ഷിച്ചു. അപ്പോൾ, നബി(സ)യെ ഓർത്ത് ഹസ്റത്ത് ആയിശ(റ) കരയാൻ തുടങ്ങി. പറഞ്ഞു: നബി(സ)യുടെ ഓരോ പ്രവർത്തനവും അസാധാരണമായിരുന്നു. ഒരിക്കൽ നബി(സ) രാത്രി എന്റെയടുക്കൽ വന്നു. ബിസ്തറിൽ കിടന്നു. എന്നിട്ടു ചോദിച്ചു. ആയിശാ! ഇന്നേ ദിവസം എന്റെ റബ്ബിനെ ആരാധിക്കാൻ നീ എനിക്കനുവാദം തരുമോ? ഞാൻ പറഞ്ഞു: അല്ലാഹുവാണ. ഞാൻ അങ്ങയുടെ ആഗ്രഹത്തെ ആദരിക്കുന്നു. അങ്ങ് ഇഷ്ടപ്പെടുന്നത് ചെയ്യാൻ അങ്ങയ്ക്ക് എന്നിൽനിന്ന് അനുവാദമുണ്ട്. അപ്പോൾ അവിടെന്നെണീറ്റു. തോൽസഞ്ചിയിലെ വെള്ളം കൊണ്ട് വുളു ചെയ്തു. നമസ്കരിക്കാൻ നിന്നു. നമസ്കാരത്തിൽ അവിടന്ന് അധികമധികമായി കരഞ്ഞു. എത്രമാത്രമെന്നാൽ, കണ്ണീർ അവിടത്തെ നെഞ്ചിൽ വീഴാൻ തുടങ്ങി. നമസ്കാരത്തിനുശേഷം വലത്തോട്ടുതിരിഞ്ഞ് ചാരിയിരുന്നു. അവിടന്ന് വലതുകൈ വലതുകവിളിന്റെ താഴെ വെച്ചിരുന്നു. വീണ്ടും കരയാൻ തുടങ്ങി. അവിടത്തെ കണ്ണീർ തറയിൽ വീഴാൻ തുടങ്ങി. സുബ്ഹി നമസ്കാര നേരത്ത് ഹസ്റത്ത് ബിലാൽ (റ) നബി(സ)യെ വിളിക്കാൻ വേണ്ടി വന്നു. നബി(സ) വിങ്ങി വിങ്ങി കരയുന്നതുകണ്ടപ്പോൾ ബിലാൽ ചോദിച്ചു. അല്ലാഹുവിന്റെ പ്രവാചകരേ! അല്ലാഹു തആല മുമ്പും പിമ്പുമുള്ള എല്ലാ തെറ്റുകുറ്റങ്ങളും പൊറുത്തുതന്നിരിക്കെ അങ്ങ് എന്തിനാണ് ഇങ്ങനെ കരയുന്നത്? അതു കേട്ടപ്പോൾ നബി(സ) പറഞ്ഞു. അല്ലാഹുവിനോട് ഞാൻ നന്ദി കാണിക്കുന്ന ദാസനാവണ്ടേ? ഇന്ന് രാത്രി എന്റെ രക്ഷിതാവ് എന്നിൽ ഈ ഖുർആനിക വചനമിറക്കി.

സൂറ ആലുഇംറാനിലെ **ഇന്നഫീ ഖൽഖിസമാവാത്തി വൽ അർളി വഖ്തിലാഫി ലയ്‌ലി വന്നഹാരി** എന്നു തുടങ്ങി **സുബ്ഹാനക്ക ഫഖിനാ അദാബന്നാർ** വരെ അവിടന്ന് പാരായണം ചെയ്തു. ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്........ ഞങ്ങളുടെ നാഥാ! നീ ഞങ്ങളെ നരകശിക്ഷയിൽ നിന്നും രക്ഷിക്കണമേ! (3:191,192)

മറ്റൊരു നിവേദനത്തിൽ ഇതു സംബന്ധമായി ഇങ്ങനെ പറയുന്നു: ഹസ്റത്ത് ആയിശ(റ) ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ! അങ്ങ് എന്തിനാണ് ഇത്രയധികം കരയുന്നത്? അല്ലാഹുതആല മുമ്പും പിമ്പുമുള്ള എല്ലാ കുറ്റങ്ങളും അങ്ങയ്ക്ക് പൊറുത്തു തന്നിരിക്കുകയാണല്ലോ? അതുകേട്ടപ്പോൾ നബി(സ) പറഞ്ഞു: ഞാൻ അല്ലാഹുവിനോട് നന്ദിയുള്ള ദാസനാകണ്ടേ? ഞാൻ ഇങ്ങനെ ചെയ്യാതിരിക്കുന്നതെങ്ങനെ? അല്ലാഹുതആല എന്നിൽ ഈ വചനം ഇറക്കിയിരിക്കുന്നു. **ഇന്നഫീ ഖൽഖിസ്സമാവാത്തി വൽഅർളി വഖ്തിലാഫില്ലയ്‌ലി വന്നഹാരി** തുടങ്ങി. **ഫഖിനാ അദാബന്നാർ** എന്ന വചനം വരെ അവിടന്ന് ഓതി കേൾപ്പിച്ചു. പിന്നീട് നബി(സ) പറഞ്ഞു: ഈ വചനം വായിക്കുകയും എന്നാൽ, അതിൽ ചിന്തിക്കാതിരിക്കുകയും ചെയ്യുന്നവന്റെ മേൽ നാശമുണ്ടാകട്ടെ.

ഉമ്മത്തിനെ ചിന്താകുലരാക്കുകയും പൊറുക്കലിന്റെ വികാരം പ്രകടമാകുകയും അല്ലാഹുവിനോട് നന്ദികാണിക്കുകയും ചെയ്യുന്നതിനെക്കുറിച്ച് മനസ്സിലാക്കാൻ കഴിയുന്ന ഒരു അത്ഭുതകരമായ കാഴ്ച കാണുക. ഹസ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ) നിവേദനം ചെയ്യുന്നു. ഞാൻ നബിയോടൊപ്പം മക്കയിൽനിന്ന് മദീനയിലേക്ക് തിരിച്ചുവരികയായിരുന്നു. ഞങ്ങൾ അസൗറ എന്ന സ്ഥലത്തെത്തിയപ്പോൾ നബി(സ) ദുആ ചെയ്യാൻ കൈകളുയർത്തി. കുറച്ചുസമയം ദുആ ചെയ്തു. പിന്നീട് ഹുസൂർ സജ്ദയിൽ വീണു. ദീർഘനേരം സുജൂദിൽ കിടന്നു. പിന്നീട് എഴുന്നേറ്റുനിന്നു. കൈയുയർത്തി ദുആ ചെയ്തു. വീണ്ടും സുജൂദിൽ വീണു. അവിടന്ന് മൂന്നുപ്രാവശ്യം അങ്ങനെ ചെയ്തു. പിന്നീട് അവിടന്ന് പറഞ്ഞു: ഞാൻ എന്റെ റബ്ബിനോട് ഇങ്ങനെ പ്രാർത്ഥിച്ചു. എന്റെ ഉമ്മത്തിനുവേണ്ടി ശിപാർശ ചെയ്തു. അല്ലാഹുതആല എന്റെ ഉമ്മത്തിലെ മൂന്നിലൊന്ന് ജനങ്ങൾക്കുവേണ്ടി ശിപാർശ അനുവദിച്ചു. ഞാനെന്റെ റബ്ബിന് ശുക്ർ ചെയ്യാൻ സുജൂദിൽ വീണു. തലയുയർത്തി വീണ്ടും എന്റെ ഉമ്മത്തിനുവേണ്ടി ദുആ ചെയ്തു. അല്ലാഹു എനിക്ക് എന്റെ ഉമ്മത്തിലെ മൂന്നിലൊന്നു ജനങ്ങൾക്കുകൂടി ശിപാർശ ചെയ്യാൻ അനുവാദം തന്നു. പിന്നീട് ഞാൻ നന്ദി രേഖപ്പെടുത്തിക്കൊണ്ട് സുജൂദ് ചെയ്തു. വീണ്ടും തലയുയർത്തി ഉമ്മത്തിനുവേണ്ടി അല്ലാഹുവിനോട് കൈയുയർത്തി ദുആ ചെയ്തു. അപ്പോൾ അല്ലാഹുതആല ബാക്കിയുള്ള ആളുകൾക്കുവേണ്ടിയും ശിപാർശ ചെയ്യാൻ അനുമതി നല്കി. ഞാനെന്റെ റബ്ബിന് ശുക്റിന്റെ സുജൂദ് ചെയ്യാൻ വീണു.

അല്ലാഹുവിനോട് നന്ദി കാണിക്കുക എന്ന ഈ വികാരം കണ്ടിട്ട് അല്ലാഹുതആല നബി(സ)യ്ക്ക്

ശിപാർശ ചെയ്യാൻ അനുവാദം നല്കി. മറ്റൊരു നിവേദനത്തിൽ ശുക്റിന്റെ കാഴ്ച ഇങ്ങനെ കാണാം. ഹസ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ് (റ) പറയുന്നു.

ഒരിക്കൽ നബി(സ) പുറത്തേക്കിറങ്ങി. ഞാൻ നബിയുടെ പിന്നാലെ പോയി. നബി(സ) ഒഴിഞ്ഞൊരു സ്ഥലത്തെത്തി. അവിടന്ന് സുജൂദിൽ വീണു. സുദീർഘമായി സുജൂദ് ചെയ്തു. അല്ലാഹു അവിടത്തെ ആത്മാവ് പിടിച്ചെടുത്തുവോ എന്ന് ഞാൻ ശങ്കിച്ചുനിന്നു. ഞാൻ നബി(സ)യുടെ സമീപത്തെത്തി. അപ്പോൾ അവിടന്ന് എഴുന്നേറ്റിരുന്നു. എന്നിട്ടുചോദിച്ചു. അബ്ദുർ റഹ്മാനേ! എന്തുപറ്റി? ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! അങ്ങയുടെ സൂദീർഘമായ സുജൂദുകണ്ടപ്പോൾ, അങ്ങയുടെ റൂഹ് അല്ലാഹു പിടിച്ചെടുത്തുവോ എന്ന് ഞാൻ ശങ്കിച്ചുപോയി. അവിടന്ന് പറഞ്ഞു. ആരാണോ തന്റെ നബിയുടെ മേൽ സ്വലാത്തുചൊല്ലുന്നത് ഞാനെന്റെ കരുണ്യം അവന്റെ മേൽ ഇറക്കുമെന്ന സന്തോഷവാർത്ത അല്ലാഹു ജിബ്രീൽ മുഖേന എന്നെ അറിയിച്ചിരിക്കുന്നു. ആരാണോ അദ്ദേഹത്തിന്റെ മേൽ സലാം ചൊല്ലുന്നത് ഞാനവന്റെ മേൽ സമാധാനം ഇറക്കുന്നതാണ്. ഇതുകേട്ട് ഞാൻ അല്ലാഹുവിന്റെ സന്നിധിയിൽ ശുക്റിന്റെ സുജൂദ് ചെയ്തു.

അല്ലാഹുവിന് ശുക്റ് ചെയ്തുകൊണ്ട് ഇത്ര സുദീർഘമായ സുജൂദ് ചെയ്യുന്നതിന്റെ ഉദ്ദേശ്യം ഒന്ന് ഉമ്മത്തിനെ അവിടത്തെമേൽ സ്വലാത്തു ചൊല്ലുന്നതിന് പ്രേരിപ്പിക്കുക എന്നതാണ്; സ്വലാത്ത് ചൊല്ലുന്നവന്റെ മേൽ അവന്റെ ഫള്ല് ഉണ്ടാകുമെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യമിതാണ്. രണ്ട് ഈ സ്വലാത്ത് ചൊല്ലുന്നകാരണത്താൽ ഉമ്മത്തിനു പൊറുക്കലിനുള്ള സാഹചര്യമൊരുങ്ങുന്നു. മറ്റുസമുദായത്തിൽ നന്ദിപ്രകടിപ്പിക്കുന്ന അവസരം വല്ലതും കണ്ടാൽ അതനുസരിച്ച് പ്രവർത്തിക്കാനും തയ്യാറാകുമായിരുന്നു നബി(സ). എന്നല്ല അതനുസരിച്ച് പ്രവർത്തിച്ചു; അല്ലാഹുവിനോട് നന്ദികാണിക്കുന്ന ഒരവസരവും കൈയ്യിൽ നിന്ന് പാഴായി പോകാതിരിക്കാൻ വേണ്ടി.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. ആശൂറാ ദിവസം നോമ്പുനോറ്റിരുന്ന ഒരുപറ്റം ആളുകളുടെ ഇടയിലൂടെ ഒരിക്കൽ നബി(സ) ക്ക് പോകേണ്ടിവന്നു. അപ്പോൾ നബി(സ) അവരോട് ആ നോമ്പിനെക്കുറിച്ച് ചോദിച്ചു. അവർ പറഞ്ഞു: മൂസയേയും അദ്ദേഹത്തിന്റെ ജനതയായ ബനീ ഇസ്റായിലിനേയും ഫിർഔന്റെ അക്രമത്തിൽനിന്ന് അല്ലാഹു രക്ഷിച്ചത് ഇന്നേദിവസമായിരുന്നു. ഈ ദിവസമാണ് ഫിർഔനെ വെള്ളത്തിൽ മുക്കിയത്. നൂഹിന്റെ പെട്ടകം ജൂദിമലയിൽ ഉറച്ചതും ഇന്നേദിവസമാണ്. അങ്ങനെ നൂഹ്, മൂസാ(അ) എന്നിവർ അല്ലാഹുവിന് നന്ദിപറഞ്ഞുകൊണ്ട് ഈ ദിവസം നോമ്പുനോറ്റു. അപ്പോൾ നബി(സ) പറഞ്ഞു: മൂസാനബിയുമായി ഏറ്റവുമധികം ബന്ധം എനിക്കാണ്. ഇക്കാരണത്താൽ ഈനോമ്പു പിടിക്കാൻ ഏറ്റവും അർഹതപ്പെട്ടവൻ ഞാൻ തന്നെയാണ്. പിന്നീട് നബി(സ) സ്വയം നോമ്പു നോറ്റു, സ്വഹാബത്തിനോടും ആശൂറാ നോമ്പ് പിടിയ്ക്കാൻ നിർദ്ദേശിച്ചു.

ഇത് മറ്റുസമുദായത്തിന്റേയും ജാതിയുടേയും രീതി എന്നതല്ല പ്രശ്നം. മറിച്ച് സൽക്കർമ്മവും നന്ദിയും എന്നനിലയിൽ നടന്ന ഒരു കർമ്മത്തെ അവിടന്ന് നടപ്പിൽ വരുത്തുകയാണ് ചെയ്തത്.

അല്ലാഹുവിനോടുള്ള നന്ദികാണിച്ചതിന്റെ മറ്റൊരുകാഴ്ച ഇങ്ങനെ നമുക്ക് കാണാൻ കഴിയും. മക്ക ഫത്ഹായി. വിജയം വരിക്കുന്ന ജനത വളരെ ഗൗരവത്തോടും അഹങ്കാരത്തോടുമൊക്കെയാണ് തങ്ങൾ അധീനപ്പെടുത്തിയ നാടുകളിൽ കടക്കാറുള്ളത്. എന്നാൽ, നബി(സ) ആ അവസരത്തിലും അല്ലാഹുവിനോട് കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ടാണ് മക്കയിൽ പ്രവേശിച്ചത്. നിവേദനത്തിൽ വന്നിരിക്കുന്നു. മക്ക ഫത്ഹായ അവസരത്തിൽ നബി(സ) **സീത്വാഅ്** എന്ന സ്ഥലത്തെത്തിയപ്പോൾ ചെമന്ന യമനീ തുണികൊണ്ടുള്ള തലപ്പാവ് അണിഞ്ഞുകൊണ്ട് തന്റെ യാത്രാമൃഗത്തിന്റെ മുകളിലിരുന്നു. അല്ലാഹു തനിക്ക് വിജയം തന്നുകൊണ്ട് തനിക്ക് എത്രമാത്രം ആദരവാണ് നല്കിയിട്ടുള്ളതെന്ന് അവിടന്ന് ഓർത്തപ്പോൾ നബി(സ) അല്ലാഹുവിനോട് നന്ദികാണിച്ചുകൊണ്ട് തന്റെ അനുഗൃഹീത താടിരോമം മൃഗത്തിന്റെ പുറത്തുമുട്ടുവേളം താഴ്ത്തി.

നിവേദനങ്ങളിൽ ഇത്തരം നിരവധി സംഭവങ്ങൾ വന്നിട്ടുണ്ട്. അതിൽ നിന്നെല്ലാം അവിടത്തെ ഓരോ ധാർമ്മിക ഗുണവും പ്രകടമാകുന്നു.

മനുഷ്യരോടുള്ള നന്ദി എങ്ങനെയായി രുന്നുവെന്ന് നമുക്ക് നോക്കാം. എന്തെങ്കിലും നേട്ടം തനിക്കുലഭിച്ചാൽ അതിനെ എത്ര നന്ദിയോടെയാണ് അവിടന്ന് സ്മരിച്ചിരുന്നത്. വിസ്മയകരമായ ഉദാഹരണങ്ങൾ നമുക്ക് ഇതു സംബന്ധമായി ലഭിക്കുന്നുണ്ട്.

സന്തോഷവും സന്താപവും ഉണ്ടാകുന്ന അവസരങ്ങളിൽ നബി(സ) തന്നെ അൽപം പോലും സഹായിച്ചിട്ടുള്ളവരെ അങ്ങേയറ്റം നന്ദിയോടെ ഗൗനിച്ചിരുന്നു. നേരിട്ട് താനുമായി ബന്ധമുള്ളവരോട് മാത്രമല്ല, തന്റെ ബന്ധുക്കളോട് സ്നേഹബന്ധം പലർത്തുന്നവരോട് പോലും നന്ദിയോടെ പെരുമാറിയിരുന്നു. നബിയുടെ പഴയ കൂട്ടുകാരിലൊരാളായ ഹസ്റത്ത് അബൂബക്കർ (റ) ഓരോ സന്തോഷ സന്താപ വേളകളിലും ബദ്ധിമുട്ടുകളിലും വിഷമങ്ങളിലും നബി(സ) യോടൊപ്പം നിന്നയാളാണ്. അദ്ദേഹത്തെ നബി(സ) വളരെയധികം ശ്രദ്ധിക്കുകയും ഗൗനിക്കുകയും ചെയ്തുപോന്നു. ഏതെങ്കിലും തരത്തിലുള്ള വിഷമം അദ്ദേഹത്തിനുണ്ടാകുന്നത്

നബി(സ) ഒരിക്കലും സഹിച്ചിരുന്നില്ല. ഇതെല്ലാം നന്ദി കാണിക്കുക എന്ന വികാരം ഒന്നുകൊണ്ടുമാത്രമായിരുന്നു. അതായത് അബൂബക്കർ(റ) സുഹൃദ്ബന്ധത്തിന്റെ മുറ വേണ്ടതുപോലെ നിർവ്വഹിച്ചിരുന്നു. ത്യാഗങ്ങളിൽ മുൻപന്തിയിൽ നിന്നു. അതുകൊണ്ട് അദ്ദേഹത്തിന് എന്തെങ്കിലും വിഷമങ്ങളുണ്ടാകുന്നത് നബി(സ) ക്ക് സഹിക്കുമായിരുന്നില്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഒരിക്കൽ ഒരു സഹാബിക്ക് അബൂബക്കർ സിദ്ദീഖു(റ) മായി അഭിപ്രായ ഭിന്നതയുണ്ടായി. നബി(സ) ഇതറിഞ്ഞു. അപ്പോൾ അവിടന്ന് പറഞ്ഞു: അല്ലാഹു എന്നെ നിങ്ങളിലേക്ക് നിയോഗിച്ചപ്പോൾ, നിങ്ങളെല്ലാവരും എന്നെ കള്ളവാദിയെന്ന് പറഞ്ഞു. അബൂബക്കർ ഞാൻ സത്യവാദിയാണെന്ന് സാക്ഷിപറഞ്ഞു. തന്റെ ജീവനും സ്വത്തുംകൊണ്ട് എന്നെ സഹായിച്ചു. എന്റെ ഈ കൂട്ടുകാരനെ വിഷമിപ്പിക്കാതിരിക്കാൻ നിങ്ങൾക്ക് സാധിക്കുകയില്ലേ?.

തന്റെ വഫാത്ത് അടുത്തിരിക്കുന്ന വേളയിൽ ഒരിക്കൽ പറഞ്ഞു: ജനങ്ങളിൽ വച്ച് എന്നോട് എപ്പോഴും അടുത്തിരിക്കുകയും തന്റെ സ്വത്തുകൊണ്ട് എന്റെ മേൽ ഏറ്റവും കൂടുതൽ നന്മ കാണിക്കുകയും ചെയ്തത് അബൂബക്കറാണ്. പറഞ്ഞു: മസ്ജിദുന്നബ്‌വിയുടെ തുറന്നുകിടക്കുന്ന എല്ലാ ജനലുകളും അടയ്ക്കുക; അബൂബക്കറിന്റെ വീടിന്റെ ഭാഗത്തേക്കുള്ള ജനലൊഴികെ.

ഹസ്റത്ത് ആയിശ(റ) പറയുന്നു: റസൂലെ കരീം(സ) മിക്കപ്പോഴും ഹസ്റത്ത് ഖദീജാ(റ) യെക്കുറിച്ച് വളരെനല്ല നിലയിൽ സ്മരിക്കാറുണ്ടായിരുന്നു. ഒരിക്കൽ ഞാൻ നബി(സ) യെ ദ്വേഷ്യം പിടിപ്പിക്കുന്നതിനായി പറഞ്ഞു. താങ്കളെന്തിനാണ് ആ കിഴവിയെക്കുറിച്ച് ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നത്. അല്ലാഹുതആല അതിനേക്കാൾ നല്ല ഭാര്യമാരെ അങ്ങേയ്ക്ക് നൽകിയിട്ടുണ്ടല്ലോ? അപ്പോൾ ഹുസൂർ (സ) പറഞ്ഞു: ജനങ്ങൾ എന്നെ കളവാക്കിയപ്പോൾ അവർ എന്നെ സ്വീകരിച്ചു. ജനങ്ങൾ എന്നെ നിഷേധിച്ചപ്പോൾ അവർ എന്നെ വിശ്വസിച്ചു. ജനങ്ങൾ എന്നെ സാമ്പത്തികമായി തടഞ്ഞപ്പോൾ അവർ തന്റെ ധനം കൊണ്ട് എന്നെ സഹായിച്ചു. അവരിൽ നിന്നാണ് അല്ലാഹു എനിക്ക് മക്കളെ തന്നതും.

ഭാര്യാബന്ധം ബന്ധംതന്നെയാണ്. പക്ഷെ, ആ ഭാര്യ എത്രമാത്രം വിശാല ഹൃദയയായിരുന്നു. അവർ തന്റേതെല്ലാം നബി(സ)ന്റെ മേൽ ത്യഗം ചെയ്തു. ജനങ്ങളിൽവച്ചേറ്റവുമധികം നന്ദികാണിക്കുന്നയാളായിരുന്നു നബി(സ). ഇങ്ങനെ വരുമ്പോൾ ഒന്നുമില്ലാത്ത അവസ്ഥയിൽ ഖദീജ(റ) ചെയ്ത ഔദാര്യം അവിടന്ന് എങ്ങനെ മറക്കാനാണ്.

ചരിത്രത്തിൽ നിന്ന് മനസ്സിലാകുന്നത് റസൂലെ കരീം(സ) ന് നുബുവ്വത്ത് കിട്ടി പതിമൂന്നാമത്തെ വർഷം-ഹിജ്റയ്ക്കുമുമ്പേ-മദീനയിൽ നിന്നുള്ള 70 പേർ നബി(സ)ന് ബൈഅത്ത് ചെയ്തു. പറഞ്ഞു: ഹുസൂർ (സ) മദീനയിൽ വരുമ്പോൾ ഞങ്ങൾ ഞങ്ങളുടെ ജീവനെപ്പോലെ ഹുസൂറിനെ സംരക്ഷിക്കുന്നതാണ്. ഈ അവസരത്തിൽ ഒരു സ്വഹാബി പറഞ്ഞു: അല്ലാഹുവിന്റെ റസൂലെ മദീനയിലെ യഹൂദികളുമായി ഞങ്ങൾക്ക് പഴയകാലം മുതൽ ബന്ധമുണ്ട്. അങ്ങയോടൊപ്പം നിൽക്കുമ്പോൾ അവർ ഞങ്ങളിൽ നിന്ന് അകന്നുപോകും. അവരുമായുള്ള ബന്ധം ഇല്ലാതാകും. അല്ലാഹു അങ്ങയ്ക്ക് വിജയം നൽകുമ്പോൾ അങ്ങ് ഞങ്ങളെ ഉപേക്ഷിച്ച് മക്കയിലേക്ക് മടങ്ങാനിടവരുമോ?. നബി(സ) പറഞ്ഞു: ഇല്ല. ഇല്ല. ഒരിക്കലും അങ്ങനെ ഉണ്ടാകുകയില്ല. നിങ്ങളുടെ രക്തം എന്റെ രക്തമായിരിക്കും. നിങ്ങളുടെ സുഹൃത്ത് എന്റെ സുഹൃത്തായിരിക്കും. നിങ്ങളുടെ ശത്രു എന്റെ ശത്രുവായിരിക്കും. നബി (സ) കൃതജ്ഞതയുടെ പരമമായ നിലകാണിച്ചിരുന്ന വ്യക്തിയാണ്. അങ്ങനെ വരുമ്പോൾ അൻസാറുകളുടെ ഔദാര്യങ്ങളെ വിസ്മരിക്കുന്നതെങ്ങനെ? ലോകം അതുകണ്ടു. അത് ഓർമ്മവെച്ചുവെന്നു മാത്രമല്ല മറിച്ച് അത് ഭംഗിയായ നിലയിൽ നിറവേറ്റി. തന്നെ, അൻസാറുകളുടെ ഒരു ഭാഗമാക്കിത്തീർത്തു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു.

ഹുനൈൻ യുദ്ധത്തിനുശേഷം ഗനീമത്തുമുതൽ വിതരണം ചെയ്യുമ്പോൾ ഒരു അൻസാരി ആരോപണം ഉന്നയിച്ചു. നബി(സ) അപ്പോൾ വേദനയോടെ ഒരു പ്രസംഗം ചെയ്തു. അവിടന്ന് പറഞ്ഞു. നിങ്ങൾ ഒരു പക്ഷെ പറഞ്ഞേക്കും സ്വജനങ്ങളാൽ അവിശ്വസിക്കപ്പെട്ട് നീ ഞങ്ങളുടെ അടുക്കൽ വന്നപ്പോൾ ഞങ്ങൾ നിന്നിൽ വിശ്വസിച്ചില്ലേ? നിർവീര്യനും തിരസ്കൃതനും ദീനനുമായി വന്ന നിനക്ക് ഞങ്ങൾ അഭയവും സഹായവും ശുശ്രൂഷയും നൽകിയില്ലേ? നിങ്ങളുടെ മറുപടി ഇതാണെങ്കിൽ തീർച്ചയായും അതു ശരിയാണ്. ഞാനത് സമ്മതിക്കുന്നു. അൻസാർ സമൂഹമേ! ഒരു കൂട്ടമാളുകളെ ഇസ്‌ലാമിലേക്ക് ആകർഷിക്കാൻ നിസ്സാരമായ ഭൗതികദ്രവ്യം നൽകിയതിലാണോ നിങ്ങൾ മനസ്താപപ്പെടുന്നത്? അവരുടെ വിശ്വാസദൃഢീകരണത്തിന് ഭൗതിക ദ്രവ്യം ആവശ്യമാണെന്ന് ഞാൻ കാണുന്നു. അതേയവസരത്തിൽ നിങ്ങളുടെ വിശ്വാസം അതിന്റെ ഒരാവശ്യവുമില്ലാത്തവിധം സ്വഛവും ബലിഷ്ഠവുമാണ്. അൻസാർ സമൂഹമേ! ജനങ്ങൾ ആടുമാടുകളേയുമായി പോകുമ്പോൾ നിങ്ങൾ അല്ലാഹുവിന്റെ ദൂതരുമായി തിരിച്ചുപോകുന്നത് നിങ്ങൾക്കിഷ്ടമല്ലേ? മുഹമ്മദിന്റെ ആത്മാവ് ആരുടെ കൈയ്യിലാണോ അവനാണ, ഹിജ്റ ഉണ്ടായിരുന്നില്ലെങ്കിൽ ഞാനും അൻസാറുകളിൽപ്പെട്ട ഒരാളാകുമായിരുന്നു. എന്റെ ജനനം മക്കയിലാണ് എന്നതൊഴിച്ചാൽ ഞാനും നിങ്ങളും തമ്മിൽ ഒരു ഭേദവുമില്ല. ഇങ്ങനെ നബി(സ) തിരുമേനി അൻസാറു

കൾ തന്റെ ഏറ്റവും സമീപസ്ഥരാണെന്ന ബഹുമതി നൽകി അവരെ അനുഗ്രഹിച്ചു.

നബിതിരുമേനിയുടെ നന്ദിയെക്കുറിച്ച് ചരിത്രത്തിൽ മറ്റൊരു ശ്രേഷ്ഠമായ ഉദാഹരണം ഇങ്ങനെ കാണാം. മുസ്‌ലിംകളുടെമേൽ പലതരത്തിലുള്ള നാശങ്ങൾ ശത്രുക്കൾ വിതച്ചപ്പോൾ അവർ ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്തു. അപ്പോൾ ഹബ്ശയിലെ രാജാവ് തന്റെ നാട്ടിൽ അവർക്ക് അഭയം നല്കി. നബിതിരുമേനി, നജ്ജാശി രാജാവിന്റെ ഈ ഉപകാരം എപ്പോഴും ഓർമ്മവെച്ചു. ഓരോ അവസരം വരുമ്പോഴും തന്റെ വാക്കുകൾകൊണ്ടും പ്രവൃത്തികൾകൊണ്ടും ഇതിന് നന്ദികാണിച്ചുകൊണ്ടിരുന്നു. നജ്ജാശിരാജാവിന്റെ പ്രതിനിധി സംഘം നബിതിരുമേനിയുടെ സന്നിധിയിൽ ഹാജരായപ്പോൾ, അവരെ സ്വീകരിച്ച് ആദരിക്കുന്നതിനുവേണ്ടി അവിടന്ന് എഴുന്നേറ്റുനിന്നു. നമ്മൾ മതിയാവോളമുണ്ടല്ലോ അല്ലാഹുവിന്റെ റസൂലേ, എന്ന് സ്വഹാബത്ത് പറഞ്ഞു. അവിടന്ന് പറഞ്ഞു: ഇവർ നമ്മുടെയാളുകളോട് നല്ലവണ്ണം പെരുമാറുകയും അവരെ ആദരിക്കുകയും ചെയ്തിരുന്നു. തങ്ങളുടെ നാട്ടിൽ വസിപ്പിക്കുകയും ചെയ്തു. അതുകൊണ്ട് അവരുടെ ഈ ഉപകാരത്തിന് സ്വയം പ്രതിവിധി ചെയ്യുന്നത് ഞാനിഷ്ടപ്പെടുന്നു.

മറ്റൊരു സംഭവം ഇങ്ങനെ കാണാം. ബദ്ർ യുദ്ധാവസരത്തിൽ പിടിക്കപ്പെട്ട തടവുപുള്ളികളെ കൊണ്ടുവന്നു. അവരിൽ ഹസ്റത്ത് അബ്ബാസ്(റ) ഉം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെമേൽ പറയത്തക്ക വസ്ത്രം ഒന്നും ഉണ്ടായിരുന്നില്ല. നബി(സ) അബ്ബാസിനുവേണ്ടി വസ്ത്രം തിരഞ്ഞുനടന്നു. അദ്ദേഹം നല്ല ഉയരമുള്ള ആളായിരുന്നതിനാൽ, പാകമായ വസ്ത്രമൊന്നും കിട്ടിയില്ല. സ്വഹാബത്ത് ഇതുകണ്ടപ്പോൾ പറഞ്ഞു. അബ്ദുല്ലാഹ് ബിൻ ഉബയ് ബിൻ സുലൂലിന്റെ വസ്ത്രം അദ്ദേഹത്തിന് പാകമായിരിക്കും. കാരണം അദ്ദേഹം ഉയരമുള്ള ആളാണ്. അപ്പോൾ നബി(സ) അദ്ദേഹത്തിന്റെ ഉടുപ്പ് വാങ്ങി അബ്ബാസിന് കൊടുത്തു.

അബ്ദുല്ലായുടെ പ്രവർത്തനങ്ങളിൽ ഒട്ടും സംതൃപ്തനല്ലായിരുന്നിട്ടും നബി(സ) അദ്ദേഹത്തിന്റെ ഉടുപ്പ് വാങ്ങി അബ്ബാസിനെ ധരിപ്പിക്കുകയുണ്ടായി. ഇതിനു പ്രതിവിധിയെന്നോണം, അദ്ദേഹം വഫാത്തായപ്പോൾ - അദ്ദേഹത്തെ ഖബ്റിൽവെച്ചു കഴിഞ്ഞിരുന്നു - നബി(സ) അവിടെ വരികയും ജനാസ വെളിയിലെടുക്കാൻ കല്പിക്കുകയും ചെയ്തു. എന്നിട്ട് നബി(സ) അദ്ദേഹത്തിന്റെ തല തന്റെ കാൽമുട്ടിൽവെച്ചുകൊണ്ട് തുപ്പുനീർതൊട്ട്, തന്റെ വസ്ത്രം അദ്ദേഹത്തിനിട്ടു.

നബി(സ) തന്റെ സേവകരുടെ പ്രവർത്തനത്തിനും നന്ദി പറഞ്ഞുകൊണ്ട് അവർക്കായി ദുആ ചെയ്യാറുണ്ടായിരുന്നു. ഖയ്ബർ യുദ്ധാവസരത്തിലെ ഒരു സംഭവം ഇങ്ങനെ വന്നിട്ടുണ്ട്. നബി(സ)യുടെ വിവാഹം സഫിയായുമായി നടന്നു. വിവാഹ രാത്രി ഹസ്റത്ത് അബൂഅയ്യൂബ് ഖാലിദ് ബിൻ സയ്ദ് രാത്രി മുഴുവൻ നബിയുടെ തമ്പിനുവെളിയിൽ കാവൽ നിന്നു. നബി(സ) രാവിലെ ഉണർന്നപ്പോൾ, അബൂഅയ്യൂബ് വെളിയിൽ കാവൽ നില്ക്കുന്നതു കണ്ടു. **മാലക്ക യാ അബാ അയ്യൂബ്**. അബൂ അയ്യൂബേ, സുഖം തന്നെയാണോ? എന്താണ് ഇവിടെ നില്ക്കുന്നത്? അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഈ സ്ത്രീയെക്കൊണ്ട് ഞാൻ ആശങ്കാകുലനായി. ഇവർ അങ്ങയ്ക്ക് എന്തെങ്കിലും നഷ്ടം വരുത്തുമോ എന്നു ഞാൻ ഭയപ്പെട്ടു. കാരണം ഖയ്ബർ യുദ്ധത്തിൽ, ഇവരുടെ പിതാവിനെയും ഇവരുടെ ഭർത്താവിനെയും ഇവരുടെ ആളുകളെയും ഉന്മൂലനം ചെയ്തതാണല്ലോ. അവർ പുതുവിശ്വാസിയുമാണ്. അതുകൊണ്ടാണെനിക്ക് ഭയമുണ്ടായത്. നിവേദകൻ പറയുന്നു: അദ്ദേഹത്തിന്റെ ഈ ഇഖ്‌ലാസ് അഥവാ ആത്മാർത്ഥത കണ്ടിട്ട് നബി(സ) അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിച്ചു. **അല്ലാഹുമ്മ ഹ്ഫള് അബാ അയ്യൂബ കമാ ബാത്ത യഹ്ഫള്**.

അല്ലാഹുവേ നീ അയ്യൂബിനെ, അദ്ദേഹം രാത്രി മുഴുവൻ എന്നെ സംരക്ഷിച്ചതുപോലെ സംരക്ഷിക്കേണമേ.

മറ്റൊരു സേവകന്റെ പ്രവർത്തനത്തിന് നന്ദി പറഞ്ഞുകൊണ്ട് ദുആ ചെയ്ത സംഭവമുണ്ട്.

ഹസ്റത്ത് ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നു. നബി (സ) ഒരിക്കൽ തണ്ടാസിൽപ്പോയപ്പോൾ ഞാൻ വെള്ളം കൊണ്ടുപോയിവെച്ചു. ആരാണ് വെള്ളം കൊണ്ടുവെച്ചതെന്ന് അവിടന്ന് ചോദിച്ചു. ഇബ്നുഅബ്ബാസാണ് വെച്ചതെന്ന് അറിയിച്ചു. നബി(സ) അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്തു. **അല്ലാഹുമ്മ ഫക്കിറു ഫിദ്ദീനീ**. അല്ലാഹുവേ, ഇവന് ദീനീജ്ഞാനം നല്കേണമേ. നോക്കുക, നിസ്സാരമായ സേവനത്തിന് എന്തെന്തെല്ലാം അടങ്ങിയ ദുആയാണ് ലഭിക്കുന്നത്.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഇസ്മായീൽ ബിൻ ഇബ്റാഹീം ബിൻ അബ്ദുല്ലാഹ് ബിൻ അബീറബിയ്യ തന്റെ പിതാവിൽ നിന്നും പിതാമഹനിൽ നിന്നും നിവേദനം ചെയ്യുന്നു. നബി(സ) നാൽപതിനായിരം ദർഹം അദ്ദേഹത്തിൽനിന്ന് കടം വാങ്ങി. പിന്നീട് നബി(സ)യുടെ സന്നിദ്ധിയിൽ ചരക്കുകൾ വന്നപ്പോൾ, അവിടന്ന് എനിക്ക് കടം മടക്കിതന്നു. ദുആ ചെയ്തുകൊണ്ട് പറഞ്ഞു: അല്ലാഹുത ആല നിന്റെ കുടുംബത്തിലും സ്വത്തിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. അപ്രകാരം തന്നെ തുടർന്നു പറഞ്ഞു: കടം വാങ്ങിയതിന്റെ പ്രതിഫലം നന്ദിയോടുകൂടി അത് വീട്ടലാണ്. മിക്കപ്പോഴും കടം തിരിച്ചുകൊടുക്കുമ്പോൾ നബി(സ) കുറച്ചധികം കൊടുക്കുമായിരുന്നു. ഈ മാതൃക അവിടന്ന് സ്ഥാപിച്ചത് കടം വാങ്ങി അതുമടക്കിക്കൊടുക്കുമ്പോൾ നല്ല രീതിയിൽ മടക്കിക്കൊടുക്കുന്നതി

നുവേണ്ടിയാണ്.

നബി(സ), എന്തെങ്കിലും സന്തോഷവാർത്ത കേട്ടാൽ പറയുമായിരുന്നു.

**അൽഹംദുലില്ലാഹില്ലദീ ബി നിഅ്മത്തിഹീ തതിമ്മു സ്സാലിഹാത്ത്.**

ഏതൊരുവന്റെ നിഅ്മത്തുകൊണ്ട് നന്മ അതിന്റെ പൂർണ്ണതയിലെത്തുന്നുവോ അവനാണ് സകലസ്തുതിയും.

ഇഷ്ടപ്പെടാത്ത എന്തെങ്കിലും പ്രശ്നമുണ്ടായാൽ ഇങ്ങനെ ദുആ ചെയ്യുമായിരുന്നു. **അൽഹംദുലില്ലാഹി അലാകുല്ലി ഹാലിൻ**. എല്ലാ അവസ്ഥയിലും ഞാൻ അല്ലാഹുവിനെ സ്തുതിയ്ക്കുന്നു.

ഈ കൃതജ്ഞതാ വികാരം തന്റെ ഉമ്മത്തിലും ഉണ്ടാക്കിയെടുക്കണമെന്നും തന്റെ ഉമ്മത്തിലെ ഓരോ ആളും അല്ലാഹുവിനോട് നന്ദിയുള്ള ദാസരായിത്തീരണമെന്നും അല്ലാഹുവിനെ സ്തുതിയ്ക്കുന്നവരും പ്രകീർത്തിക്കുന്നവരുമായിത്തീരണമെന്നും അവിടന്ന് ആഗ്രഹിച്ചിരുന്നു.

ഹസ്റത്ത് അനസ് ബിൻ മാലിഖ് (റ) പറയുന്നു: നബി(സ) പറഞ്ഞു: ഏതെങ്കിലും ഒരു ദാസൻ ഭക്ഷണത്തിന്റെ ഒരു ഉരുള തിന്നുമ്പോൾ അല്ലാഹുവിനെ സ്തുതിയ്ക്കുകയും വെള്ളത്തിന്റെ ഒരു കവിൾ കുടിക്കുമ്പോൾ അല്ലാഹുവിനെ സ്തുതിയ്ക്കുകയും ചെയ്യുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നു.

അതായത് ഏറ്റവും ചെറിയ അനുഗ്രഹത്തിനുപോലും അല്ലാഹുവിനെ സ്തുതിയ്ക്കുകയും അവനോടു നന്ദി കാണിക്കുകയും ചെയ്യുക.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) ഒരാളോട് ചോദിച്ചു. എന്താണ് വിശേഷം? അദ്ദേഹം പറഞ്ഞു: നല്ലതു തന്നെ. വീണ്ടും നബി(സ) ചോദ്യം ആവർത്തിച്ചു. അദ്ദേഹം ആദ്യം പറഞ്ഞ മറുപടി തന്നെ നല്കി. പിന്നീട് മൂന്നാമതും നബി(സ) അദ്ദേഹത്തോടു ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: സുഖം തന്നെ. അല്ലാഹുവിന് ശുക്ർ ചെയ്യുകയും അവനെ സ്തുതിയ്ക്കുകയും ചെയ്യുന്നു. അപ്പോൾ നബി(സ) പറഞ്ഞു: ഇങ്ങനെ നിങ്ങൾ പറയണമെന്നാണ് ഞാൻ ആഗ്രഹിച്ചത്.

ഇത് ഉമ്മത്തിന് മുഴുവനുമുള്ള ഉപദേശമാണ്. അല്ലാഹുവിന് ശുക്ർ ചെയ്തുകൊണ്ടാണ് നമ്മുടെ അവസ്ഥ പറയേണ്ടത്. എപ്പോഴും അല്ലാഹുവിനെ സ്തുതിയ്ക്കുകയും പ്രകീർത്തിക്കുകയും ചെയ്തുകൊണ്ട്, നന്ദി രേഖപ്പെടുത്തിക്കൊണ്ട് ജീവിക്കേണ്ടതാണ്.

തന്റെ പ്രിയപ്പെട്ടവർ അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കുന്നത് എപ്പോഴും അവിടന്ന് ഇഷ്ടപ്പെട്ടിരുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. മുആദ് ബിൻ ജബൽ(റ) പറയുന്നു. ഒരിക്കൽ എന്നോട് നബി(സ) പറഞ്ഞു: മുആദേ! അല്ലാഹുവാണ; ഞാൻ നിന്നെ സ്നേഹിക്കുന്നു. മുആദേ! എനിക്ക് നിനക്കു തരാനുള്ള ഉപദേശമിതാണ്. ഓരോ നമസ്കാരത്തിനു ശേഷവും ഈ പറയുന്ന ദുആ ചൊല്ലണം. ഒരിക്കലും മറന്നു പോകരുത്. **അല്ലാഹുമ്മ അഇന്നീ അലാ ദിക്രിക, വശുക്രിക്ക, വ ഹുസ്നി ഇബാദത്തിക്ക**. അല്ലാഹുവേ, നിന്നെ സ്മരിക്കാനും നിന്നോട് ശുക്ർ ചെയ്യാനും നിന്നെ നല്ലരീതിയിൽ ആരാധിക്കാനും നീ എനിക്കു തൗഫീഖ് നല്കേണമേ!

നമ്മെ ഉപദേശിച്ചുകൊണ്ട് അവിടന്ന് പറയുന്നു: ഒരാൾ ഭക്ഷണം കഴിക്കുകയും ഇങ്ങനെ ദുആ ചെയ്യുകയും ചെയ്താൽ, **അൽഹംദുലില്ലാഹില്ലദീ അത്അമനീ ഹാദത്ത്വാമ വ റസഖനീനിഹീ മിൻ ഗയ്രി ഹൗലിൻ മിന്നീ വലാ ഖുവ്വത്തിൻ ഗുഫിറലഹൂ മാ തഖദ്ദമ മിൻ ദൻബിഹീ**.

എന്നെ ഇതു ഭക്ഷിപ്പിക്കുകയും, എന്റെ കഴിവും ശക്തിയുമൊന്നുമില്ലാതെ എനിക്കു ഈ ജീവിതവിഭവം നല്കുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവ സ്തുതിയും. അവന് അവന്റെ കഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്.

നന്ദിയുടെ വികാരം എത്രമാത്രമായിരുന്നുവെന്നു പറഞ്ഞാൽ, പാപം പൊറുക്കുന്നതിനുള്ള സൗകര്യം ഒരുക്കിത്തരുന്നു. ഇക്കാരണത്താൽ കൂടുതൽ നന്മ പ്രവർത്തിക്കാൻ തൗഫീഖും കിട്ടുന്നതാണ്. ഉപദേശിച്ചുകൊണ്ട് നബി(സ) പറയുന്നു: ഹസ്റത്ത് നുഅ്മാൻ ബിൻ ബശീർ(റ) നിവേദനം ചെയ്യുന്നു. നബിതിരുമേനി മിമ്പറിൽനിന്നുകൊണ്ടു പറഞ്ഞു: ആരാണോ നിസ്സാരകാര്യത്തിൽ നന്ദി കാണിക്കാത്തത്, അവൻ വലിയ അനുഗ്രഹത്തിലും നന്ദി കാണിക്കുകയില്ല. ആരാണോ മനുഷ്യരോട് നന്ദി കാണിക്കാത്തത് അവൻ അല്ലാഹുവിനോടും നന്ദി കാണിക്കുകയില്ല. അല്ലാഹുവിന്റെ നിഅ്മത്തുകൾ എടുത്തു പറഞ്ഞുകൊണ്ടിരിക്കുന്നത് നന്ദിയാണ്. ഇതു പറയാതിരിക്കുന്നത് കുഫ്റും നന്ദികേടുമാണ്. ജമാഅത്ത് ഒരു റഹ്മത്താണ്. ഭിന്നിച്ച് നില്ക്കൽ ശിക്ഷയാണ്. ജമാഅത്തുമായി ബന്ധപ്പെട്ടിരിക്കുന്നതിനും നന്ദി കാണിക്കേണ്ടതാണ്.

അത്യാഗ്രഹങ്ങളിൽനിന്നും ഉമ്മത്തിനെ അകറ്റി നിറുത്തുന്നതിനും അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കുന്നതിനും വേണ്ടി അവിടന്ന് ഇങ്ങനെ ഉപദേശിച്ചു. നിങ്ങളിൽ താഴെക്കിടയിലുള്ളവർ, മേലേക്കിടയിലും നല്ല അവസ്ഥയിലുമുള്ളവരെ നോക്കരുത്. ഇതും നന്ദി കാണിക്കുന്നതിനുള്ള ഒരു രീതിയാണ്. മനുഷ്യൻ തന്നെക്കാൾ താഴെക്കിടയിലുള്ളവരെ നോക്കുന്നതിനുപകരം, മേലേക്കിടയിലുള്ളവരെ നോക്കുമ്പോൾ അസൂയ ഉണ്ടാകുന്നു. താഴെക്കിടയിലുള്ളവരെ നോക്കുമ്പോൾ ശുക്ർ ചെയ്യാനുള്ള അവസരമുണ്ടാകുന്നു. ഈ രീതിയാണ് സ്വീകരിക്കേണ്ടത്. ഇങ്ങനെയായാൽ അല്ലാഹുവിനോട് അവർ നന്ദികേടുകാണിക്കുന്നവരാകുകയില്ല.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ശരിയായ വിശ്വാസങ്ങളുടെ വഴി പൂർണ്ണവും തിക

വുറ്റതുമായ നിലയിൽ നമുക്ക്, തന്റെ നബി മുഖേന, കാണിച്ചിരിക്കുന്നുവെന്നത് അല്ലാഹുവിന്റെ അപാര മായ അനുഗ്രഹമാണ്. നിങ്ങൾക്ക് കാണിക്കപ്പെട്ടിരി ക്കുന്ന ഈ വഴിയിൽനിന്ന് നിരവധി ആലിംകൾ നിർഭാഗ്യരായിരിക്കുന്നു. അതുകൊണ്ട് അല്ലാഹു വിന്റെ ഈ ഫള്ലിനും നിഅ്മത്തിനും നന്ദികാണി ക്കുക. ശരിയായ വിശ്വാസത്തിനുശേഷം രണ്ടാം ഭാഗത്തു വരുന്ന ആ കർമ്മങ്ങൾ സത്യഹൃദയ ത്തോടെ അനുഷ്ഠിക്കുക എന്നതാണ് ആ ശുക്ർ അഥവാ നന്ദി. പ്രവർത്തനപരമായ കാര്യങ്ങൾ പ്രയോജനപ്പെടുത്തി ദുആ ചെയ്യുക; ഈ ശരിയായ വിശ്വാസാദർശത്തിൽ അവൻ ഉറപ്പിച്ചുനിറുത്തുന്ന തിനും സൽക്കർമങ്ങൾ ചെയ്യാൻ തൗഫീഖ് കിട്ടു ന്നതിനും വേണ്ടി. നബി(സ) നമ്മുടെ മുമ്പിൽ സ്ഥാപിച്ച ആ മാതൃകയനുസരിച്ച് ജീവിക്കാൻ അല്ലാഹു നമുക്കു തൗഫീഖ് നല്കുമാറാകട്ടെ. നന്ദി യുള്ള ദാസരായിത്തീരുന്നതിനുവേണ്ടി അവിടന്ന് നമ്മെ ഉപദേശിച്ച ഉപദേശങ്ങൾ ജീവിതത്തിൽ പകർത്താൻ അവൻ തൗഫീഖ് നല്കുമാറാകട്ടെ. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞപോലെ, ദുആ ചെയ്യുക, കാരണം ദുആയോടുകൂടിയാണ് അതനുസരിച്ച് പ്രവർത്തിക്കാനും തൗഫീഖ് കിട്ടുന്ന ത്. അല്ലാഹു എല്ലാവർക്കും തൗഫീഖ് നല്കുമാറാ കട്ടെ.

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**MOBILE : 98951 26027**

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്

JUMUA KHUTHBA
**HADHRAT MIRZA MASROOR AHMAD**
KHALIFATHUL MASIH - V
on
01 - 04 - 2005
at
Baithul Futuh, London.

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**